ഉത്തരം

(എ ആന്റ് ബി) പുതിയ എയ്ഡഡ്/അൺ എയ്ഡഡ്/സർക്കാർ സ്കൂളുകൾ തുടങ്ങുന്നതിനോ നിലവിലുള്ളവ അപ്ഗ്രഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പടിഞ്ഞാറുംമുറി ജി.എൽ.പി. സ്കൂളിനു സമീപം സ്വകാര്യ സ്കൂൾ തുടങ്ങാനുള്ള നീക്കം ഉപേക്ഷിക്കാൻ നടപടി

39 [2256] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പടിഞ്ഞാറുംമുറി ജി.എൽ.പി. സ്കൂളിൽ നിലവിലുള്ള 5-ാം ക്ലാസിനു പുറമെ 6, 7 ക്ലാസുകൾകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(സി) മാനദണ്ഡങ്ങൾ മറികടന്ന് പ്രസ്തുത സർക്കാർ സ്കൂളിന്റെ വളരെയടുത്ത് ഒരു സ്വകാര്യ സ്കൂൾ അനുവദിക്കാനുള്ള നീക്കം നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നല്ല നിലയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളിനോട് ചേർന്ന് പുതിയ സ്വകാര്യ സ്കൂൾ തുടങ്ങാനുള്ള നീക്കം ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം (ബി)-യുടേയും (സി)-യുടേയും വെളിച്ചത്തിൽ (ഡി) ചോദ്യം പ്രസക്തമല്ല.

ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

40 [2257] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly